ഉത്തരം

തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രി ആഫീസ് കെട്ടിടത്തോടനുബന്ധിച്ച് ഒരു സ്ട്രോംഗ് റൂമും കൗണ്ടറും പണിത് ട്രഷറിയുടെ ആവശ്യത്തിലേക്ക് വിട്ടു തരാമെന്ന് മെഡിക്കൽ കോളേജ് അധികൃതർ അറിയിച്ചതനുസരിച്ച് അവിടെ ഒരു പുതിയ ട്രഷറി ആരംഭിക്കാനുള്ള നടപടികളും സ്വീകരിക്കുകയുണ്ടായി. അതിനുവേണ്ടി സ്ട്രോംഗ് റൂമും മറ്റും മെഡിക്കൽ കോളേജ് അധികൃതരുടെ ചെലവിൽ പണിയുകയും ചെയ്തിട്ടുണ്ട്. എന്നാൽ അത് ട്രഷറിക്ക് വിട്ടു തരുവാൻ സാദ്ധ്യമല്ല എന്ന് മെഡിക്കൽ കോളേജ് അധികൃതർ പിന്നീട് അറിയിച്ചതിനാൽ അവിടെ ട്രഷറി ആരംഭിക്കേണ്ട ആവശ്യമില്ലെന്ന് ഗവൺമെൻറ് തീരുമാനിച്ചു. മെഡിക്കൽ കോളേജിലെ പുതിയ പ്രിൻസിപ്പാൾ പിന്നീട് ട്രഷറി തുടങ്ങുവാൻ സ്ഥലം വിട്ടു തരാമെന്ന് സമ്മതിച്ചെങ്കിലും ഗവൺമെൻറ് എടുത്ത തീരുമാനം ഇതുവരെ പുനഃപരിശോധിച്ചിട്ടില്ല.

സഹകരണ പ്രസ്ഥാനങ്ങളിലെല്ലാം ഗവൺമെൻറ് നോമിനികൾ

878 [1352] ശ്രീ. പി. ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും സഹകരണവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പ്രസ്ഥാനങ്ങളിലെല്ലാം ഗവൺമെൻറ് നോമിനികളുണ്ടോ;

(ബി) ഇവരെ നോമിനേറ്റു ചെയ്യുന്നതിനുള്ള മാനദണ്ഡം എന്താണ്;

(സി) ഇപ്പോഴും നോമിനേറ്റഡ് മെമ്പർമാരില്ലാത്ത സഹകരണ സംഘമുണ്ടോ; എങ്കിൽ എത്ര; ഏതെല്ലാം?

(ഡി) നോമിനേറ്റ് ചെയ്യപ്പെടുന്ന അംഗങ്ങൾ അവിടെ ഓഹരിക്കാരായിരിക്കണമെന്നുണ്ടോ?

ഉത്തരം

(എ) ഇല്ല.

(ബി) സഹകരണ നിയമത്തിലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ 44 (1) ചട്ടത്തിൽ പ്രതിപാദിക്കുന്ന അയോഗ്യതകളും ഇല്ലാത്തവരും സഹകരണ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് ഉപകരിക്കുന്നവരുമായവരെയാണ് നോമിനേറ്റ് ചെയ്യുന്നത്.

(സി) ഉണ്ട്. വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly